നടത്തിവരികയാണ്. കൂടുതൽ അന്വേഷണത്തിനായി സി.ഡി.ആർ. (കോൾ ഡീറ്റയിൽസ് റിക്കാർഡ്സ്) ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി ലഭിക്കുന്നതിന് സർവ്വീസ് പ്രൊവൈഡേഴ്സിന് അന്വേഷണ സംഘം അപേക്ഷ നൽകി. അങ്ങനെ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം കഴിഞ്ഞുപോയതുകൊണ്ട് ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി നൽകാൻ നിർവ്വാഹമില്ലെന്ന് ഐഡിയ ഉൾപ്പെടെയുള്ള സർവ്വീസ് പ്രൊവൈഡേഴ്സ് അറിയിക്കുകയുണ്ടായി. സി.ഡി.ആർ.-ന്റെ ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി ലഭിച്ചാൽ മാത്രമേ അന്വേഷണം മുന്നോട്ടുപോകുകയുള്ളൂ. അത് തരണമെങ്കിൽ സർവ്വീസ് പ്രൊവൈഡേഴ്സ് വേണം, അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. ഇത് ആവശ്യപ്പെട്ടുകൊണ്ട് രണ്ടുതവണ സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരിന് കത്ത് നൽകി. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാതെ സംസ്ഥാനസർക്കാരിന് ഈ കേസിന്റെ സി.ഡി.ആർ. പരിശോധിക്കാൻ കഴിയാത്തൊരു അവസ്ഥയാണുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പുസെക്രട്ടറി ഇതുസംബന്ധിച്ച് ഒരു കത്ത് വീണ്ടും കേന്ദ്രസർക്കാരിന് എഴുതിയിട്ടുണ്ട്. സർവ്വീസ് പ്രൊവൈഡേഴ്സ് അത് അനുവദിച്ച് ഐ.ടി. സർട്ടിഫിക്കറ്റുകൂടി കിട്ടിയെങ്കിൽ മാത്രമേ സി.ഡി.ആർ.-ന്റെ ഓതന്റിസിറ്റി നിശ്ചയിച്ച് അത് കോടതിയിൽ കൊടുക്കാനും അതനുസരിച്ചുള്ള അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനും സാധിക്കുകയുള്ളൂ. ഐ.ടി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വീണ്ടും കേന്ദ്രസർക്കാരിനെ സമീപിച്ചിരിക്കുകയാണ്. സർവ്വീസ് പ്രൊവൈഡേഴ്സ് അത് തന്നുകഴിഞ്ഞാൽ അന്വേഷണം കൂടുതലായി മുന്നോട്ടുപോകുന്നതാണ്. ഈ അന്വേഷണം മുന്നോട്ടുകൊണ്ടുപോകണമെന്ന താൽപ്പര്യമാണ് ഗവൺമെന്റിനുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

(6) കൃഷിക്കും വീടുകളിലെ ഉപഭോഗത്തിനുമുള്ള വൈദ്യുതി നിരക്ക്

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കാർഷികാവശ്യത്തിനുവേണ്ടി കർഷകർ എടുത്തിട്ടുള്ള ത്രീ ഫേസ് കണക്ഷൻ വൈദ്യുതി നിർക്കിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പുഴം, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ കൃഷിക്കുപുറമെ നാണ്യവിളകൾക്കാവശ്യമായ ജലസേചനത്തിനും LT 5 സ്റ്റീമിലുൾപ്പെടുത്തി കർഷകർക്ക് സബ്സിഡി നൽകിയിരുന്നു. 1-6-2012 വരെ LT 5 യൂണിറ്റിന് 1.10 രൂപ നിരക്കാണ് ഈടാക്കിനിന്നിരുന്നതെങ്കിലും ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

45 പൈസ സബ്സിഡിയായും നൽകിയിരുന്നു. തൻമൂലം ഒരു യൂണിറ്റിന് 65 പൈസ മാത്രമാണ് കർഷകർ അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ 1-5-2013 മുതൽ ഈ നിരക്ക് ഒന്നര രൂപയാക്കി ഉയർത്തിയെങ്കിലും 85 പൈസ സബ്സിഡി അനുവദിച്ചു. എന്നാൽ 2014 ഓഗസ്റ്റിലുണ്ടായ വർദ്ധനവ് പ്രകാരം ഈ നിരക്ക് 5 രൂപ 20 പൈസയായി ഉയർത്തുകയും ചെറുകിട നാണ്യവിള കർഷകരെ ഈ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. തന്മൂലം ചെറുകിട സമ്മിശ്ര കൃഷിക്ക് സബ്സിഡി ആനുകൂല്യം ലഭ്യമായില്ല. ഇതോടെ യൂണിറ്റിന് 65 പൈസ മാത്രമായിരുന്ന വൈദ്യുതി നിരക്ക് 5 രൂപ 20 പൈസ അടയ്ക്കേണ്ട സാഹചര്യത്തിൽ കർഷകരെത്തിയിരിക്കുന്നു. രണ്ട് ഹെക്ടറിൽ താഴെ മാത്രം കൃഷി ചെയ്യുന്ന ജില്ലയിലെ ചെറുകിട കർഷകർ ജാതി, ഗ്രാമ്പൂ, കുരുമുളക്, ഏലം, വാനില, കൊക്കോ തുടങ്ങിയ നാണ്യവിളകളോടൊപ്പം പഴം, പച്ചക്കറി, പയറുവർഗ്ഗങ്ങൾ ഉൾപ്പെടുത്തി സമ്മിശ്ര കൃഷി രീതിയാണ് അവലംബിച്ചുവരുന്നത്. ഇവയ്ക്കെല്ലാം ജലസേചനം ആവശ്യമാണ്. വീടുകളിലെ വൈദ്യുതി ഉപഭോഗത്തിന്റെ സ്ലാബുകളിൽ വരുത്തിയ വ്യത്യാസവും സാധാരണക്കാർക്ക് അധിക ബാധ്യതയായി. സ്ലാബുകൾ പുതുക്കുന്നതിനുമുമ്പ് 40 യൂണിറ്റ് ഉപയോഗത്തിന് ഒന്നര രൂപയും 80 യൂണിറ്റിന് 2 രൂപ 20 പൈസയുമായിരുന്നു. ഇത് 60 യൂണിറ്റിന് 2 രൂപ 20 പൈസയും 100 യൂണിറ്റ് വരെ 3 രൂപ 20 പൈസയുമായി ഉയർന്നു. ഒരു സാധാരണ കുടുംബത്തിന് ഒരു മാസം 100 യൂണിറ്റിൽ താഴെ മാത്രമാണ് വൈദ്യുതി ഉപഭോഗം. കാർഷിക വിളകളുടെ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനവുംമൂലം കഷ്ടപ്പെടുന്ന ചെറുകിട കർഷകർക്ക് ഈ നിരക്കു വർദ്ധനവ് വൻ ബാദ്ധ്യതയാണ് വരുത്തിയിരിക്കുന്നത്. സാധാരണക്കാരായ കർഷകരുടെ അനുദിന ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനായി നാണ്യവിളകളുടെ കൃഷിക്കുള്ള ജലസേചനത്തിന് എടുത്തിട്ടുള്ള വൈദ്യുത കണക്ഷൻകൂടി LT 5 നിരക്കിൽ നിലനിർത്തി സബ്സിഡി ലഭ്യമാക്കുന്നതിനും വീടുകളുടെ വൈദ്യുതി ഉപഭോഗത്തിന്റെ സ്ലാബ് 100 യൂണിറ്റ് വരെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നുള്ളതാണ് സബ്മിഷൻ.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വൈദ്യുതി നിരക്കിൽ ചെറിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഴം, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾക്ക് പഴയ

LIBRARY ARCHIVES Kerala Legislative Assembly

നിരക്കിൽത്തന്നെ വൈദ്യുതി സബ്സിഡി നൽകിവരുന്നുണ്ട്. കോഴി വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് നൽകുന്ന വൈദ്യുതി നിരക്കിലും ചെറിയൊരു വർദ്ധനവുണ്ടായിട്ടുണ്ട്. ഏലം, കാപ്പി, റബ്ബർ, കുരുമുളക്, തെങ്ങ് തുടങ്ങിയ കൃഷികൾക്കായി നൽകുന്ന വൈദ്യുതി നേരത്തെ ഒരു താരിഫിലും ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ട് നെൽകൃഷിക്ക് മുഴുവൻ ഏരിയ നോക്കാതെതന്നെ നൽകുകയാണ്. അതുപോലെ പഴവർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് ഒരു നിശ്ചിത ശതമാനമാണ് സബ്സിഡി നൽകി വരുന്നത്. ആ കാറ്റഗറിയിലെ താരിഫിൽ ഉൾപ്പെടുത്തിയാണ് ഇവരിൽനിന്ന് യൂക കളക്ട് ചെയ്തിരുന്നത്. റബ്ബർ, കാപ്പി, തേയില തുടങ്ങിയവ കൃഷി ചെയ്യുന്ന തോട്ടങ്ങൾ ഇതിൽ വരുന്നതല്ല എന്നുള്ള നിഗമനത്തിലാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എത്തിയത്. താരിഫ് തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനോ കെ.എസ്.ഇ.ബി.-ക്കോ ഇല്ല. 2003-ലെ ആക്ട് അനുസരിച്ച് ഇതിനുള്ള അധികാരം റെഗുലേറ്ററി കമ്മീഷനാണ്. ഞാൻ ഇടുക്കിയിൽ ചെന്നപ്പോൾ അവിടെയുള്ള കൃഷിക്കാരും മറ്റും ഇതുസംബന്ധിച്ച് എന്നോട് സംസാരിക്കുകയും നിവേദനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത് പുനഃപരിശോധിക്കണമെന്ന് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ പുനഃപരിശോധിക്കണമെങ്കിൽ ഹിയറിംഗ് നടത്തണം. റെഗുലേറ്ററി കമ്മീഷനോട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ ഇത് അനുവദിക്കുന്നില്ലെങ്കിൽ 2003-ലെ ആക്ടിന്റെ സെക്ഷൻ 65 അനുസരിച്ച് ഗവൺമെന്റ് ഈ പണം നൽകണമെന്നാണ്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും കൃഷി വകുപ്പുമന്ത്രിയോടും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(7) സർക്കാർ ഉത്തരവ് പിൻവലിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഈ സഭയിലെ ഭരണ-പ്രതിപക്ഷ അംഗങ്ങളെ വിശ്വാസത്തിലെടുക്കാതെയുള്ള ഒരു ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിരിക്കുകയാണ്. ജി.ഒ.(ആർ.ടി.)നമ്പർ 2248/15/റവന്യൂ, 29-4-2015-ലെ ഉത്തരവിൽ സർക്കാർ ധനസഹായങ്ങൾ മണ്ഡലങ്ങളിൽ എം.എൽ.എ./എം.പി.മാർ വിതരണം ചെയ്യേണ്ടതില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. എം.എൽ.എ. മാർ

LIBRARY ARCHIVES Kerala Legislative Assembly